**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 512** **10-02-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്ത്നാട് മുടിക്കൽ ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച കുന്നത്ത്നാട് മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. മുടിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനുള്ള മൂന്ന് കോടി രൂപയുടെ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 2023-24 വർഷത്തെ ബജറ്റിൽ 20% തുക അനുവദിച്ച കുന്നത്ത്നാട് മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. മുടിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് CE/BL/PL2/EKM/16255/2023-23-1-1 തീയതി 29-11-23 ഫയൽ പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ 17.01.2025 തീയതിയിൽ ലഭിക്കുകയും ആയത് E-3024590/EDN-B1/21/2025-Fin നമ്പർ ഫയൽ പ്രകാരം ധനകാര്യ (വിദ്യാഭ്യാസം-ബി) വകുപ്പ്പരിശോധന നടത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റിയുടെ അനുമതിയോടെ പുറപ്പെടുവിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ 24/01/2025-ൽ അറിയിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എന്തുകൊണ്ടാണ് ഭരണാനുമതി വൈകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ബജറ്റ് എസ്റ്റിമേറ്റുകളുടെ വാല്യം II ൽ 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് കൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. |
| (സി) | പ്രസ്തുത ബജറ്റ് പ്രവർത്തിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലുള്ള ഫയൽ നമ്പറും ഫയലിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (സി) | 2023-24 വർഷത്തെ ബജറ്റിൽ 20% തുക അനുവദിച്ച കുന്നത്ത്നാട് മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. മുടിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് CE/BL/PL2/EKM/16255/2023-23-1-1 തീയതി 29-11-23 ഫയൽ പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ 17.01.2025 തീയതിയിൽ ലഭിക്കുകയും ആയത് E- |

| | | | |
|---|---|---|---|
| | | | 3024590/EDN-B1/21/2025-Fin നമ്പർ ഫയൽ പ്രകാരം ധനകാര്യ (വിദ്യാഭ്യാസം-ബി) വകുപ്പ്പരിശോധന നടത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റിയുടെ അനുമതിയോടെ പുറപ്പെടുവിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ 24/01/2025-ൽ അറിയിച്ചിട്ടുമുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയ്ക്ക് വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ബജറ്റ് എസ്റ്റിമേറ്റുകളുടെ വാല്യം II ൽ 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു കൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. |

സെക്ഷൻ ഓഫീസർ